പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4294 — 24.06.2019 ൽ മറുപടിയ്ക്ക്

**ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

ചോദ്യം — ഉത്തരം

ശ്രീ.ബി.ഡി. ദേവസ്സി : — ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നതിന് ശുപാർശകളൊന്നും നിലവിലില്ല |
| (ബി) സർക്കാർ ഐ.ടി.ഐ. കളിൽ ആധുനിക കാലഘട്ടത്തിന് യോജിച്ചതും ജോലിസാധ്യത കൂടുതലുള്ളതുമായ പുതിയ കോഴ്സുകൾ അനുവദിയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) ഐ.ടി.ഐ. കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിന് കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐകളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ടതും, തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ